**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കണ്ണൂർ ജില്ല- കൂത്തുപറമ്പ നഗരസഭയുടെ വാണിജ്യ കെട്ടിടം നിർമ്മാണം- കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 ലെ ചട്ടം 3(c) പ്രകാരം ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2063 /2020/തസ്വഭവ          തിരുവനന്തപുരം,തീയതി ,03/11/2020**

---

പരാമർശം:- 1. കൂത്തുപറമ്പ് നഗരസഭാ സെക്രട്ടറിയുടെ 26.06.2020 ലെ ഇ 2-7175/19 നമ്പർ കത്ത്

2. കണ്ണൂർ ടൗൺപ്ലാനറുടെ 6.07.2020 ലെ TCPKNR/435/2020-C നമ്പർ കത്ത്

3. ചീഫ് ടൗൺപ്ലാനറുടെ 16.10.2020 ലെ TCPCTP/726/2020-D3 നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിൽ കൂത്തുപറമ്പ് നഗരസഭ പരിധിയിൽ , കൂത്തുപറമ്പ് അംശം , നരവൂർ ദേശം , വാർഡ് 14 റി . സ നമ്പർ 70/35 എ , 70/35 ബി എന്നിവയിൽ ഉൾപ്പെട്ട 2711 ച . മീ . വിസ്തൃതിയുള്ള പ്ലോട്ടിൽ 2761.43 വിസ്തീർണ്ണത്തിൽ ground, first, second, third, terrace നിലകളുള്ള നഗരസഭയുടെ ഒരു വാണിജ്യ കെട്ടിടം നിർമ്മിച്ചതിൽ (existing fish market 81.77sq.m) നിലവിൽ ground, first നിലകൾക്ക് മാത്രമേ ഒക്കുപ്പൻസി ലഭിച്ചിട്ടുള്ളൂ എന്നതിനാൽ മുഴുവൻ നിലകളുടെയും നിർമ്മാണം പൂർത്തീകരിച്ച സാഹചര്യത്തിൽ നിർമ്മിച്ച കെട്ടിടത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം ഉള്ളതിനാൽ പ്രസ്തുത നിർമ്മാണം ഒരു പൊതു ആവശ്യത്തിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനം നിർമ്മിച്ചതാണെന്ന് പരിഗണിച്ച് കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 ലെ ചട്ടം 3 C പ്രകാരം ഇളവ് നൽകുന്നതിനായി കൂത്തുപറമ്പ് മുൻസിപ്പാലിറ്റി സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) പ്രസ്തുത അപേക്ഷ പരിശോധിച്ചതിൽ ടി കെട്ടിടത്തിന് കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 പ്രകാരം ചട്ടം 24 - തുറസായ സ്ഥലം , 34(2)- പാർക്കിംഗ് , 34(6)- ലോഡിങ് അൺലോഡിങ്ങിനായുള്ള സ്ഥലം , 36- മുറിയുടെ ഉയരം , 56 (3c) സാനിറ്റേഷൻ സൗകര്യങ്ങൾ , 41- കോറിഡോർ വീതി , 40 A(4)) അംഗപരിമിതിക്കാർക്കായുള്ള ശുചിമുറികൾ , 40 A(5) - അംഗപരിമിതിക്കാർക്കായുള്ള പാർക്കിംഗ് , 109(A)- ഭൂഗർഭ ജല റീചാർജ് സൗകര്യം , 109(B)- മഴവെള്ള സംഭരണ ടാങ്ക് എന്നീ ചട്ട ലംഘനങ്ങളും , ചട്ടം 48 പ്രകാരമുള്ള Lift നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് നിർമ്മിച്ചിട്ടില്ലായെന്നും ആയത് നൽകേണ്ടതാണെന്നും, മഴവെള്ള സംഭരണ സംവിധാനങ്ങൾ പ്ലോട്ടിൽ ഒരുക്കാവുന്നതാണെന്നും, ആയതിനാൽ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 ലെ ചട്ടം 3C പ്രകാരം ചട്ടം 24, 34, 36, 41, 56(3c) എന്നീ ചട്ടങ്ങളിൽ ഇളവ് അനുവദിക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം കണ്ണൂർ ജില്ലാ ടൗൺപ്ലാനർ ചീഫ്

ടൗൺപ്ലാനർക്ക് ശിപാർശ നൽകിയിട്ടുണ്ട്.

3) മേൽപ്പറഞ്ഞ ചട്ടങ്ങളിൽ പാർക്കിംഗ് ( ചട്ടം 34) 40 എണ്ണം ആവശ്യമാണ് . എന്നാൽ 17 എണ്ണമാണ് ലഭ്യമായിട്ടുള്ളത് . നിർമ്മാണം ആരംഭിച്ച സമയത്തു തേഡ് ഗ്രേഡ് മുനിസിപ്പാലിറ്റി ആയിരുന്നതിനാൽ അന്ന് 12 പാർക്കിംഗ് മതിയായിരുന്നെന്ന് ജില്ലാ ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മറ്റു ചട്ട ലംഘനങ്ങൾ നിർമ്മാണ വേളയിൽ പരിഹരിക്കാവുന്നവയാണെന്നും, ആയതിനാൽ ഒരു പൊതു ആവശ്യത്തിന് കട ഒഴിപ്പിച്ചവർക്ക് വേണ്ടിയുള്ള പുനരധിവാസമായതിനാൽ ചട്ടം 24, 34, 36, 41, 56(3c) എന്നീ ചട്ടങ്ങൾക്ക്കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 ലെ ചട്ടം 3C പ്രകാരമുള്ള ഇളവനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ചീഫ് ടൗൺപ്ലാനറും ശിപാർശ ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . ചീഫ് ടൗൺപ്ലാനറുടെ പരാമർശം (3) ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിൽ കുത്തുപറമ്പ് നഗരസഭ പരിധിയിൽ, കുത്തുപറമ്പ് അംശം, നരവൂർ ദേശം, വാർഡ് 14 ൽ റി.സ നമ്പർ 70/35 എ, 70/35 ബി എന്നിവയിൽ ഉൾപ്പെട്ട 2711 ച.മീ. വിസ്തൃതിയുള്ള പ്ലോട്ടിൽ 2761.43 വിസ്തീർണ്ണത്തിൽ ground, first, second, third, terrace നിലകളുള്ള നഗരസഭയുടെ വാണിജ്യ കെട്ടിടത്തിന് ,ഒരു പൊതു ആവശ്യത്തിന് കട ഒഴിപ്പിച്ചവർക്ക് വേണ്ടിയുള്ള പുനരധിവാസമായതിനാൽ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 ലെ ചട്ടം 24, 34, 36, 41, 56(3c) എന്നീ ചട്ടങ്ങൾക്ക് കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 ചട്ടം 3C പ്രകാരമുള്ള ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**സജ്ജുകുമാർ.എൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

ചീഫ് ടൗൺപ്ലാനർ, തിരുവനന്തപുരം
ജില്ലാ ടൗൺപ്ലാനർ,കണ്ണൂർ
സെക്രട്ടറി,കുത്തുപറമ്പ് മുൻസിപ്പാലിറ്റി,കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) ,കേരളം,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ ,ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ